# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4078.

20-03-2018 ൽ മറുപടിയ്ക്ക്

## കർഷകർക്കായി കമ്മ്യൂണിറ്റി റേഡിയോ

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ
,, ജി.എസ്.ജയലാൽ
ശ്രീമതി സി.കെ. ആശ
ശ്രീ.എൽദോ എബ്രഹാം

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കർഷകർക്ക് തങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും അഭിപ്രായങ്ങളും വകുപ്പ് മന്ത്രിയെ നേരിട്ട് അറിയിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ; | (എ) | "കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ" എന്ന സംവിധാനത്തിന്റെ വിപുലീകൃതമായ ഉപയോഗത്തിനും മെച്ചപ്പെട്ട സേവന വിനിമയത്തിനുമായി ഈ സംവിധാനത്തിലൂടെ തന്നെ, കർഷകർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരോട് ബഹുമാനപ്പെട്ട കൃഷി മന്ത്രി നേരിട്ട് സംവദിക്കുന്ന തരത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് "കൃഷി മന്ത്രി വിളിപ്പുറത്ത്".<br>2017-ൽ കേരളപ്പിറവി ദിനമായ നവംബർ 1-ന് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ട ഈ പരിപാടി, തുടർന്ന് എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച ദിവസം നടത്തിവരുന്നു. ഈ കർഷക പൊതുജന സമ്പർക്ക പരിപാടിയുടെ ഫേസ്ബുക്ക് ലൈവ് സ്ട്രീമിംഗ് കാർഷിക വിവര സങ്കേതം ഫേസ്ബുക്ക് പേജിൽ ലഭ്യമായിരിക്കുന്നതാണ്. പരിപാടി നടക്കുന്ന സമയത്ത് കൃഷി ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർമാർ, എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ, കാർഷിക സർവ്വകലാശാലാ പ്രതിനിധികൾ തുടങ്ങിയവരുടെ സേവനവും കാൾസെന്ററിൽ ലഭ്യമായിരിക്കും. കൂടാതെ, ബ്ലോക്കുതല |

അസിസ്റ്റന്റ് ഡയറക്ടർമാരും തൽസമയം തങ്ങളുടെ മൊബൈൽ ഫോണുകൾ വഴി സേവന സജ്ജരായിരിക്കുന്നതാണ്. കർഷകർക്ക് 1800-425-1661 എന്ന ടോൾഫ്രീ നമ്പരിലും, 9447051661 എന്ന വാട്ട്സ്ആപ്പ് നമ്പരിലും, കാർഷിക വിവര സങ്കേതം ഫേസ്ബുക്ക് പേജ് മുഖേനയും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായി സംവദിക്കുവാൻ സാധിക്കുന്നതാണ്.

ഈ കാർഷിക പൊതുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി ഉന്നയിക്കുന്ന ചോദ്യങ്ങളിൽ തുടർ നടപടികൾ ആവശ്യമായി വരുന്ന സംഗതികളിൽ കൈക്കൊണ്ട നടപടികൾ അതാത് ഉദ്യോഗസ്ഥർ കർഷകരെ അറിയിക്കേണ്ടതും കാർഷിക വിവര സങ്കേതത്തിന്റെ ഫേസ്ബുക്ക് പേജിലും പോർട്ടലിലും രേഖപ്പെടുത്തുന്നതിനായി കാർഷിക വിവര സങ്കേതത്തിലേയ്ക്ക് ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ info@krishi.info എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്. ഏഴ് ദിവസങ്ങൾക്കുള്ളിൽ നടപടി പൂർത്തിയാ ക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആ വിവരം കർഷകരേയും കാർഷിക വിവര സങ്കേതത്തിലും അറിയിക്കേണ്ടതാണ്. ബഹു. കൃഷി വകുപ്പ് മന്ത്രിയ്ക്ക് ലഭിയ്ക്കുന്ന വിഷയങ്ങളിൽ, നയപരമായ നടപടി സ്വീകരിക്കേണ്ട സംഗതികൾ കാർഷികോത് പാദന കമ്മീഷണർക്കും, കാർഷിക ഗവേഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർക്കും, എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ യഥാസമയം കൈമാറേണ്ടതാണ്. കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സേവനങ്ങൾ കർഷകരിലേയ്ക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും സംശയങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും സഹായിക്കുന്ന "കൃഷി മന്ത്രി വിളിപ്പുറത്ത്" ഇതിനോടകം തന്നെ വമ്പിച്ച പ്രചാരം നേടിക്കഴിഞ്ഞു.

| | | | |
|---|---|---|---|
| (ബി) | കൃഷി സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും മറ്റെന്തു സംവിധാനമാണ് നിലവിലുള്ളതെന്നറിയിക്കുമോ; | (ബി) | കൃഷി സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഇപ്പോൾ ഒരു കാൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. 1800-425-1661 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ച് കർഷകർക്ക് ഈ കാൾ സെന്ററിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്.<br>എസ്.എഫ്.എ.സി. വികസിപ്പിച്ചെടുത്ത കാർഷിക വിവര സങ്കേതം പോർട്ടൽ മുഖേനയാണ് ഈ സേവനങ്ങൾ നൽകുന്നത്. എസ്.എഫ്.എ.സി. നടപ്പിലാക്കുന്ന കാർഷിക വിവര സങ്കേതം പ്രോജക്ടിൽ ടെലിഫോണിലൂടെയും/ നവമാധ്യമങ്ങളിലൂടെയും ഉന്നയിക്കപ്പെടുന്ന കാർഷികാനുബന്ധമായ ഏതു ചോദ്യങ്ങൾക്കും ആധികാരികമായ മറുപടി ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കാർഷിക വിവര സങ്കേതം പ്രോജക്ടിൽ കാൾ സെന്റർ, വെബ് പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നീ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഇതിൽ എടുത്തു പറയേണ്ട പ്രത്യേകത ഫേസ്ബുക്ക്, ടിറ്റർ, ഗൂഗിൾ പ്ലസ്, പ്രിന്ററെസ്റ്റ്, വാട്ട്സ്ആപ്പ് എന്നീ നവ സമൂഹ മാധ്യമങ്ങളെ ഈ സംവിധാനങ്ങളോട് സംയോജിപ്പിച്ചു കൊണ്ടുള്ള വിജ്ഞാന വ്യാപന ശൃംഖലയാണ്.<br>കാർഷികാനുബന്ധമായ സംശയങ്ങൾ ഫോണിൽ നേരിട്ട് വിളിച്ചും ഇ-മെയിൽ, സമൂഹമാധ്യമങ്ങൾ, വെബ് പോർട്ടൽ എന്നിവയിലൂടെയും ഉന്നയിക്കാൻ സാധിക്കും. രോഗ കീടബാധ സംബന്ധിച്ച ചിത്രങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെയും ഇതിലേയ്ക്ക് അയയ്ക്കാവുന്നതാണ്. 1800-425-1661 എന്ന ടോൾഫ്രീ നമ്പരിലൂടെ കാർഷിക വിവര സങ്കേതത്തിലേയ്ക്ക് നേരിട്ട് ബന്ധപ്പെടാനാവും.<br>ഇതിനുപുറമേ കേന്ദ്ര സർക്കാരിന്റെ ബാംഗ്ലൂർ ആസ്ഥാനമായ കിസാൻ കാൾ സെന്ററിലും (ടോൾ ഫ്രീ നം. 1800-180-1551) കർഷകർക്ക് സംശയ നിവാരണം നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കൃഷി സംബന്ധമായ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കാമോ; | (സി) | കൃഷി സംബന്ധമായ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ ആലപ്പുഴ ജില്ലയിലെ കുട്ടനാട് കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. |
| (ഡി) | ഇത്തരത്തിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ എവിടെയാണ് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | കേന്ദ്ര അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന ആലപ്പുഴ ജില്ലയിലെ കമ്മ്യൂണിറ്റി റേഡിയോ ആയിരിക്കും ആദ്യം ആരംഭിക്കുക. |

സെക്ഷൻ ഓഫീസർ